<u>ശ്രീ. അനിൽ അക്കര:</u> സർ,...........

<u>മി. സ്പീക്കർ:</u> എന്താണ്; ഇപ്പോൾ ഒന്നുമില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> (മൈക്ക് ഓഫ്) അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷനുണ്ട്.

<u>മി. സ്പീക്കർ:</u> പേഴ്സണൽ എക്സ്പ്ലനേഷന് ഒരിക്കൽ അവസരം കൊടുത്തു. ഒരേ വിഷയത്തിൽ വീണ്ടും കൊടുക്കാൻ പറ്റുമോ; അദ്ദേഹം എഴുതിത്തരട്ടെ ഞാൻ പരിശോധിച്ച് നടപടി സ്വീകരിക്കാം. .....(ബഹളം)...... ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം റൂൾ 288 പ്രകാരം എനിക്ക് എഴുതിത്തന്നു. അദ്ദേഹം ഒരു വിഷയത്തിൽ വിശദീകരിച്ചു. അതേ വിഷയത്തിൽത്തന്നെ അദ്ദേഹം വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> ബഹുമാനപ്പെട്ട സ്പീക്കർ, ഈ സഭയിലെ ഒരംഗത്തെ സംബന്ധിച്ചിടത്തോളം ബഹുമാന്യനായ മന്ത്രി ചില പരാമർശങ്ങൾ നടത്തി. അതിന് അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാനുള്ള ഒരു കത്ത് അങ്ങേയ്ക്ക് നൽകുകയും ചെയ്തു. ദയവായി അങ്ങ് അത് അനുവദിച്ചുകൊടുക്കണം. അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാൻ റൂൾസിൽ......

<u>മി. സ്പീക്കർ:</u> എന്താണെന്ന് വ്യക്തമായി എഴുതിത്തന്നാൽ വീണ്ടും ആലോചിക്കാം. രണ്ടുപേരും പറഞ്ഞത് ഒരേ വിഷയമാണ്. ഞാൻ കേട്ടല്ലോ;

<u>ശ്രീ. രമേശ് ചെന്നിത്തല:</u> പേഴ്സണൽ എക്സ്പ്ലനേഷനുള്ള കത്ത് അങ്ങേയ്ക്ക് തന്നിട്ടുണ്ട്. ഇനിയും കത്ത് തരണമെങ്കിൽ അദ്ദേഹം തരും. റൂളനുസരിച്ച് അങ്ങ് ദയവായി അനുവദിക്കണം.

<u>മി. സ്പീക്കർ:</u> ഇത് കേട്ടിരുന്നയാളെന്ന നിലയ്ക്ക് ഞാൻ പറയാം, ശ്രീ. അനിൽ അക്കര ഇവിടെ നൽകിയ വിശദീകരണത്തിൽ നിന്നും വൈരുദ്ധ്യമായി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ പറഞ്ഞതായി എനിക്ക് തോന്നിയിട്ടില്ല. അദ്ദേഹം 288 പ്രകാരം എഴുതിത്തന്നു, അദ്ദേഹം വിശദീകരിച്ചു. അത് ഈ സഭയിൽ വരികയും ചെയ്തു. വീണ്ടും അതേ കാര്യം അദ്ദേഹം വിശദീകരിക്കേണ്ട കാര്യമില്ല. അദ്ദേഹം എഴുതിത്തന്നാൽ ഞാൻ സമയം കൊടുക്കാം. ഇപ്പോൾത്തന്നെ വേണമെന്ന് വാശിപിടിക്കരുത്.

<u>ശ്രീ. പി. ടി. തോമസ്:</u> (മൈക്ക് ഓഫ്) ഇപ്പോൾത്തന്നെ വേണം.

<u>മി. സ്പീക്കർ:</u> ഇപ്പോൾ വളരെയധികം നീണ്ടുപോയി. ..... (ബഹളം).... നേരത്തെ പറഞ്ഞ കാര്യം തന്നെയല്ലേ അദ്ദേഹത്തിന് പറയാനുള്ളത്. എന്നാൽ ഒരു മിനിട്ടുകൊണ്ട് വേഗം പറയൂ. ഒരേ കാര്യംതന്നെ വീണ്ടും വീണ്ടും പറയരുത്.

<u>ശ്രീ. അനിൽ അക്കര:</u> സർ, ഞാനിവിടെ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയാണ്. ഞാൻ മലയാളം ഓർഗാനിക്കിന്റെ ചെയർമാനായിരുന്ന സമയത്ത് 2016 ഫെബ്രുവരി മാസത്തിലാണ് ഈ ചെക്ക് കൊടുത്തത്. അതിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ ആ സ്ഥാനമൊഴിഞ്ഞു. ആ കമ്പനിക്ക് പുതിയ ചെയർമാൻ വന്നു. അത് മിനിസ്ട്രി ഓഫ് കോ-ഓപ്പറേറ്റീവ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ലോകത്ത് എവിടെ ഇരുന്നാലും അതിന്റെ എം.ഡി.-യും ചെയർമാനും ആരാണെന്ന് ആർക്കും കാണാം. ഇവിടെ ഇതുമായി ബന്ധപ്പെട്ട് എനിക്കെതിരെ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യത്തിൽ 05.07.2016-ൽ അഡാട്ട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എം.ഡി. എനിക്ക് ഒരു ബാദ്ധ്യതയുമില്ലെന്ന് പറഞ്ഞ് ഒഴിമുറി വച്ചുതന്നെ രേഖയാണിത്. (പേപ്പർ ഉയർത്തിക്കാണിച്ചു.) പിന്നെ എന്തിനാണ് എന്റെ പേരിൽ ഇത് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി എന്നെ വ്യക്തിപരമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. സ്പീക്കർ:</u> പരിശോധിക്കാം. പരിശോധിച്ച് നടപടി സ്വീകരിക്കാം.